

TUESDAY 02-11-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –02/11/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ കൃഷി നാശം സംഭവിച്ച് 15 ദിവസത്തിനകത്തും ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 10 ദിവസത്തിനുള്ളിലും നഷ്ടപരിഹാരത്തിനായി AIMS പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടതാണ്.

2. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ കോഴ്സ് തുടങ്ങുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ നവംബർ 24-ന് ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി ഒരു വർഷമാണ്. കൃഷി, സസ്യശാസ്ത്രം, അനുബന്ധവിഷയങ്ങൾ എന്നിവയിലേതിലെങ്കിലും ബിരുദമുള്ളവർ, റബ്ബർതോട്ടമേഖലയിൽ ജോലിചെയ്തുവരുന്ന സൂപ്പർവൈസർമാർ, ഫീൽഡ് ഓഫീസർമാർ; റബ്ബറുത്പാദകസംഘങ്ങൾ, അഗ്രി-ബിസിനസ് കമ്പനികൾ, കാർഷികസഹകരണസ്ഥാപനങ്ങൾ, കർഷകസംഘടനകൾ, കാർഷികസംരംഭങ്ങൾ, കാർഷികവസ്തുക്കളുടെ വ്യാപാരസ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബിരുദധാരികൾ എന്നിവർക്കെല്ലാം കോഴ്സിൽ ചേരാം. റബ്ബർതോട്ടമേഖലയിലും ഗവണ്മെന്റ് സ്ഥാപനങ്ങളിലും വിജ്ഞാനവ്യാപനമേഖലയിൽ പ്രവർത്തിക്കുന്നവർ, പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദന-വിപണനരംഗങ്ങളിലെ സൂപ്പർവൈസർമാർ, മാനേജർമാർ, ഫീൽഡ് ഓഫീസർമാർ; തോട്ടംമേഖലയിലെ സംരംഭകർ തുടങ്ങിയവർക്കെല്ലാം കോഴ്സ് പ്രയോജനം ചെയ്യും. കോഴ്സിൽ ചേരാൻ താൽപര്യമുള്ളവർക്ക് എൻ.ഐ.ആർ.റ്റി.-യുടെ **'ഓൺലൈൻ ആപ്ലിക്കേഷൻ സബ്മിഷൻ'**

എന്ന പോർട്ടൽ വഴി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ: training@rubberboard.org.in വെബ്സൈറ്റ്: www.training.rubberboard.org.in

3. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഈ **മാസം 5-ന്** (നവംബർ 5-ന്) **മൃഗസംരക്ഷണമേഖലയിലെ പുതിയ കേന്ദ്ര പദ്ധതികൾ** എന്ന വിഷയത്തിൽ ഒരു വെബിനാർ സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം 5-ന് ഉച്ചയ്ക്ക് 3 മണിക്ക് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ദേശിയ കന്നുകാലി മിഷൻ പ്രകാരമുള്ള കോഴിവളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽകൃഷി എന്നിവയിലെ സംരഭകത്വ വികസന പദ്ധതികൾ, ഗോകുൽ മിഷൻ പദ്ധതി പ്രകാരമുള്ള കന്നുകാലി വർദ്ധനവിനായുള്ള ഫാമുകൾ തുടങ്ങിയ വിഷയങ്ങൾ വെബിനാറിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബട്ടൺ മഷ്റൂം വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പാക്കറ്റിനു 90 രൂപയാണ് വില. ആവശ്യമുള്ളവർക്ക് **9400483754** എന്ന ഫോൺ നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

5. മൃഗസംരക്ഷണ വകുപ്പിൽ മിഡിയാ ഡിവിഷന്റെ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നതിനായി കരാറടിസ്ഥാനത്തിൽ **അസിസ്റ്റന്റ് എഡിറ്റർ, വീഡിയോ ഗ്രാഫർ, ഡിസൈനർ, ഐ.റ്റി. അസിസ്റ്റന്റ്** എന്നീ തസ്തികകളിൽ ജീവനക്കാരെ തെരെഞ്ഞെടുക്കുന്നതിനായി ഈ മാസം **24,25** (24/11/2021, 25/11/2021) തീയതികളിലായി **കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്ര**ത്തിൽ വച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. അസിസ്റ്റന്റ് എഡിറ്റർ, വീഡിയോ ഗ്രാഫർ തുടങ്ങിയ തസ്തികകളിലെ വാക്ക്-ഇൻ-ഇന്റർവ്യൂ 24-ന് രാവിലെ 10 മണിക്കും, ഡിസൈനർ, ഐ.റ്റി. അസിസ്റ്റന്റ് തസ്തികകളിലെ വാക്ക്-ഇൻ-ഇന്റർവ്യൂ 25-ന് രാവിലെ 10 മണിക്കും തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**0471–2732918** എന്ന ഫോൺ നമ്പരിലോ, ptotvm.ahd@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന "മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ്" എന്ന പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി, 90 ദിവസത്തേയ്ക്ക് കർഷകർക്ക് ആവശ്യമായ മൃഗചികിത്സാ സേവനങ്ങൾ വാഹനത്തിൽ എത്തി നൽകുന്നതിനു വേണ്ടി വെറ്ററിനറി ഡോക്ടർ, റേഡിയോഗ്രാഫർ, അറ്റന്റന്റ് കം ഡ്രൈവർ എന്നീ തസ്തികകളിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.

1. വെറ്ററിനറി ഡോക്ടറുടെ ഒരു ഒഴിവിലയ്ക്ക് വെറ്ററിനറി കൌൺസിൽ രജിസ്ട്രേഷൻ ഉള്ള ബി വി എസ് സി & എ എച്ച് ബിരുദധാരികൾക്ക് പങ്കെടുക്കാവുന്നതാണ്.

2. റേഡിയോഗ്രാഫറുടെ ഒരു ഒഴിവിലയ്ക്ക് കേരള സർക്കാർ പാരമെഡിക്കൽ കൗൺസിൽ അംഗീകരിച്ച B.Sc.(MRT) (Medical Radiological Technology) ബിരുദം, അല്ലെങ്കിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾ ഉൾപ്പെട്ട പ്രീ-ഡിഗ്രി / 10+2 ഉം ഡയറക്ടർ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ അനുവദിക്കുന്ന രണ്ട് വർഷ റേഡിയോളജിക്കൽ ടെക്നോളജി ഡിപ്ലോമയും ഉള്ളവർക്ക് പങ്കെടുക്കാവുന്നതാണ്.

3. അറ്റന്റന്റ് കം ഡ്രൈവറുടെ ഒരു ഒഴിവിലയ്ക്ക് ഹെവി വെഹിക്കിൾ ലൈസൻസ്, മൃഗചികിത്സകൾക്ക് വെറ്ററിനറി ഡോക്ടറെ സഹായിക്കുന്നതിനായി കായികാധ്വാനം ആവശ്യമുള്ള ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ ശാരീരികക്ഷമത, മൃഗങ്ങളെ പരിപാലനം ചെയ്യുള്ള പരിചയം എന്നിവയാണ് അടിസ്ഥാന യോഗ്യത. എറണാകുളം ജില്ലക്കാർക്ക് മുൻഗണന ഉണ്ടായിരിയ്ക്കും.

വെറ്ററിനറി ഡോക്ടർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ 5 – 11 – 2021 ന് രാവിലെ 11 മണിക്കും റേഡിയോഗ്രാഫർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ 5 – 11 – 2021 ന് ഉച്ചയ്ക്ക് ശേഷം 2:30 നും ഡ്രൈവർ കം അറ്റന്റന്റ് തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ 6 – 11 – 2021 ന് രാവിലെ 11 മണിക്കും ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം എറണാകുളം സൗത്ത്, ക്ലബ്ബ് റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇൻറർവ്യൂവിന്

ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾ 0484-2360648 ഫോൺ നമ്പറിൽ ഓഫീസ് പ്രവർത്തന സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

7. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കർഷകർക്കായി കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി-യിൽ വച്ച് ഈ മാസം 22,23 (നവംബർ 22,23) തീയതികളിൽ **കൂൺകൃഷി** എന്ന വിഷയത്തിലും 24,25 (നവംബർ 24,25) തീയതികളിൽ **കാർഷിക യന്ത്രവത്ക്കരണം** എന്ന വിഷയത്തിലും പരിശീലന പരിപാടി നടത്തുന്നു. താൽപ്പര്യമുള്ളവൽ ഈ മാസം 15-ന് മുമ്പായി **9497360649, 9447551954** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 15 പേർക്കായിരിക്കും പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം.

8. തിരുവനന്തപുരം ജില്ലയിലെ കർഷകർക്ക് **വാണിജ്യാടിസ്ഥാനത്തിൽ ഉള്ള ആട് വളർത്തലിൽ** പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഈ മാസം **10-ന്** (നവംബർ 10) മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന 80 കർഷകർക്ക് പരിശീലനം നൽകുന്നതായിരിക്കും.

9. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **വനിതകൾക്കായി മുട്ടക്കോഴി - ഇറച്ചിക്കോഴി വളർത്തലിൽ പരിശീലനം നാളെ (നവംബർ 3)** നടത്തുന്നതാണ്. രജിസ്ട്രേഷനായി പ്രവൃത്തി സമയങ്ങളിൽ **9539747217** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നാളെ (നവംബർ 3-ന്) രാവിലെ 10 മുതൽ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **9188522711** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ, **0469-2965535** എന്ന നമ്പരിലേക്ക് വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.